'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു.
ഞങ്ങളുടെ റബ്ബേ, നിൻ്റെ പാപമോചനത്തിനായി ഞങ്ങൾ
അപേക്ഷിക്കുന്നു. നിന്നിലേക്കാണ് ഞങ്ങളുടെ മടക്കം'
എന്നാണ് നിങ്ങൾ പറയേണ്ടത്
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബിക്ക് (صلى الله عليه وسلم) അല്ലാഹുവിൻ്റെ ഈ വചനം അവതരിച്ച സന്ദർഭം:
"ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിന്റേതാകുന്നു. നിങ്ങളുടെ മനസ്സുകളിലുള്ളത്
നിങ്ങള് വെളിപ്പെടുത്തിയാലും മറച്ചു വെച്ചാലും അല്ലാഹു അതിന്റെ പേരില്
നിങ്ങളോട് കണക്ക് ചോദിക്കുക തന്നെ ചെയ്യും. എന്നിട്ടവന് ഉദ്ദേശിക്കുന്നവര്ക്ക്
അവന് പൊറുത്തുകൊടുക്കുകയും അവന് ഉദ്ദേശിക്കുന്നവരെ അവന് ശിക്ഷിക്കുകയും
ചെയ്യും. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു." (ബഖറ: 284) സ്വഹാബികൾക്ക്
ഇത് പ്രയാസകരമായി അനുഭവപ്പെട്ടു. നബിയുടെ (صلى الله عليه وسلم) അടുത്ത് വന്ന് മുട്ടുകുത്തി ഇരുന്നു
കൊണ്ട് അവർ പറഞ്ഞു: "അല്ലാഹുവിൻ്റെ റസൂലേ! നിസ്കാരവും നോമ്പും ജിഹാദും
സ്വദഖയുമെല്ലാം പോലെ, ഞങ്ങൾക്ക് സാധിക്കുന്ന കർമ്മങ്ങൾ ചെയ്യാൻ ഞങ്ങളോട്
കൽപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ താങ്കൾക്ക് അവതരിക്കപ്പെട്ട ഈ ആയത്ത്
ഞങ്ങൾക്ക് പ്രാവർത്തികമാക്കാൻ സാധിക്കില്ല." അപ്പോൾ നബി (صلى الله عليه وسلم) ചോദിച്ചു:
"നിങ്ങൾക്ക് മുമ്പുള്ള വേദക്കാർ (യഹൂദരും ക്രൈസ്തവരും) പറഞ്ഞതുപോലെ 'ഞങ്ങൾ
കേൾക്കുകയും, ശേഷം ധിക്കരിക്കുകയും ചെയ്തിരിക്കുന്നു' എന്ന് പറയാനാണോ നിങ്ങൾ
ഉദ്ദേശിക്കുന്നത്? 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ
റബ്ബേ, നിൻ്റെ പാപമോചനത്തിനായി ഞങ്ങൾ അപേക്ഷിക്കുന്നു. നിന്നിലേക്കാണ് ഞങ്ങളുടെ
മടക്കം' എന്നാണ് നിങ്ങൾ പറയേണ്ടത്. അപ്പോൾ അവർ പറഞ്ഞു: "ഞങ്ങൾ കേൾക്കുകയും
അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, നിൻ്റെ പാപമോചനത്തിനായി ഞങ്ങൾ
അപേക്ഷിക്കുന്നു. നിന്നിലേക്കാണ് ഞങ്ങളുടെ മടക്കം." ജനങ്ങൾ അത് പാരായണം ചെയ്യുകയും
അവരുടെ നാവുകൾ അതിന് വഴങ്ങുകയും ചെയ്തപ്പോൾ, അല്ലാഹു ഈ വചനം അവതരിപ്പിച്ചു: "തന്റെ
റബ്ബിങ്കൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതില് റസൂല് വിശ്വസിച്ചിരിക്കുന്നു.
(അതിനെ തുടര്ന്ന്) ഈമാനുള്ളവരും. അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും
അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ
റസൂലുകളിൽ ആര്ക്കുമിടയിലും ഒരു വിവേചനവും ഞങ്ങള് കല്പിക്കുന്നില്ല. (എന്നതാണ്
അവരുടെ നിലപാട്.) അവര് പറയുകയും ചെയ്തു: ഞങ്ങളിതാ കേള്ക്കുകയും അനുസരിക്കുകയും
ചെയ്തിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു
(ഞങ്ങളുടെ) മടക്കം." (ബഖറ: 285). അവർ അത് പ്രാവർത്തികമാക്കിയപ്പോൾ അല്ലാഹു ആ വിധിയെ
ദുർബലപ്പെടുത്തുകയും ശേഷം ഈ വചനം അവതരിപ്പിക്കുകയും ചെയ്തു: "അല്ലാഹു ഒരാളോടും
അയാളുടെ കഴിവില് പെട്ടതല്ലാതെ ചെയ്യാന് നിര്ബന്ധിക്കുകയില്ല. ഓരോരുത്തരും
പ്രവര്ത്തിച്ചതിന്റെ സത്ഫലം അവരവര്ക്കുതന്നെ.ഓരോരുത്തരും പ്രവര്ത്തിച്ചതിന്റെ
ദുഷ്ഫലവും അവരവരുടെ മേല് തന്നെ. ഞങ്ങളുടെ റബ്ബേ, ഞങ്ങള് മറന്നുപോകുകയോ,
ഞങ്ങള്ക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കില് ഞങ്ങളെ നീ ശിക്ഷിക്കരുതേ." അല്ലാഹു
പറഞ്ഞു: "അതെ (ഞാൻ സ്വീകരിച്ചിരിക്കുന്നു)." "ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ

[illegible] (286) [illegible]

[صحيح] [رواه مسلم]

[illegible]

മനസ്സ് മന്ത്രിക്കുന്ന കാര്യങ്ങളുടെ പേരിലും (ശിക്ഷിക്കില്ല). ഞങ്ങളുടെ റബ്ബേ, ഞങ്ങളെ
നീ നിൻ്റെ ശിക്ഷകൾ കൊണ്ട് പിടികൂടരുതേ. "ഞങ്ങൾ മറന്നുപോകുകയോ -ഓർക്കാതെ ചെയ്തു
പോവുകയോ- അല്ലെങ്കിൽ ഞങ്ങൾക്ക് അബദ്ധം പിണയുകയോ -കരുതിക്കൂട്ടിയല്ലാതെ ഞങ്ങൾ
തെറ്റു ചെയ്തുപോവുകയോ- ചെയ്താൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ!" അപ്പോൾ അല്ലാഹു അവർക്ക്
ഉത്തരം നൽകിക്കൊണ്ട് പറഞ്ഞു: "അതെ, ഞാനത് ചെയ്തിരിക്കുന്നു." "ഞങ്ങളുടെ റബ്ബേ,
ഞങ്ങളുടെ മേൽ നീ ഭാരം -പ്രയാസങ്ങളും കടുപ്പമേറിയതുമായ കാര്യങ്ങൾ- ചുമത്തരുതേ."
"ഞങ്ങളുടെ മുൻഗാമികളുടെ മേൽ -ബനൂ ഇസ്രായീല്യരുടെയും മറ്റും മേൽ- നീ അത്
ചുമത്തിയതുപോലെ. അപ്പോൾ അല്ലാഹു ഉത്തരം നൽകിക്കൊണ്ട് പറഞ്ഞു: "അതെ, ഞാനത്
ചെയ്തിരിക്കുന്നു." "ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് താങ്ങാൻ കഴിയാത്തത് -മതവിധികളിലും
ഞങ്ങളെ ബാധിക്കുന്ന പരീക്ഷണങ്ങളിലും ഞങ്ങൾക്ക് വഹിക്കാൻ കഴിയാത്ത കാര്യങ്ങൾ- ഞങ്ങളെ
നീ വഹിപ്പിക്കരുതേ." അല്ലാഹു പറഞ്ഞു: "അതെ, ഞാനത് ചെയ്തിരിക്കുന്നു." "ഞങ്ങൾക്ക് നീ
മാപ്പുനൽകേണമേ. ഞങ്ങളുടെ പാപങ്ങൾ നീ മായ്ച്ചുകളയേണമേ. ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ."
ഞങ്ങളുടെ തെറ്റുകൾ നീ മറച്ചുപിടിക്കുകയും അതിൽ വിട്ടുവീഴ്ച കാണിക്കുകയും ചെയ്യേണമേ,
"ഞങ്ങളോട് -നിൻ്റെ വിശാലമായ കാരുണ്യം കൊണ്ട്- നീ കരുണ കാണിക്കേണമേ. "നീയാണ് ഞങ്ങളുടെ
രക്ഷാധികാരി. അതിനാൽ സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കേണമേ." പ്രമാണങ്ങൾ
സ്ഥാപിച്ചുകൊണ്ടും യുദ്ധത്തിലും ജിഹാദിലും വിജയം നൽകിക്കൊണ്ടും ഞങ്ങളെ
സഹായിക്കേണമേ! അപ്പോൾ അല്ലാഹു ഉത്തരം നൽകിക്കൊണ്ട് പറഞ്ഞു: "അതെ, ഞാനത്
ചെയ്തിരിക്കുന്നു."
https://www.sunnah.global/hadeeth/ml/show/65285